# UNIT 5
## പ്രകാശത്തിന്റെ അപവർത്തനം

**22/12/2020 – Class 42**

**Assignment Answer**

1) വിവിധ മാധ്യമങ്ങളുടെ അപവർത്തനാങ്കം തന്നിരിക്കുന്നു. പട്ടിക വിശകലനം ചെയ്ത് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കുറിക്കുക.

| മാധ്യമം | അപവർത്തനാങ്കം |
|---|---|
| ജലം | **1.33** |
| സൺഫ്ളവർ ഓയിൽ | **1.47** |
| വജ്രം | **2.42** |
| മണ്ണെണ്ണ | **1.44** |

a) പ്രകാശികസാന്ദ്രത ഏറ്റവും കൂടിയ മാധ്യമമേത്, പ്രകാശികസാന്ദ്രത ഏറ്റവും കുറഞ്ഞ മാധ്യമമേത്?

**പ്രകാശികസാന്ദ്രത ഏറ്റവും കൂടിയ മാധ്യമം – വജ്രം, പ്രകാശികസാന്ദ്രത ഏറ്റവും കുറഞ്ഞ മാധ്യമം - ജലം**

b) പ്രകാശവേഗം ഏറ്റവും കൂടിയ മാധ്യമവും പ്രകാശവേഗം ഏറ്റവും കുറഞ്ഞ മാധ്യമവും ഏത്?

**പ്രകാശവേഗം ഏറ്റവും കൂടിയ മാധ്യമം – ജലം, പ്രകാശവേഗം ഏറ്റവും കുറഞ്ഞ മാധ്യമം – വജ്രം**

c) ജലത്തെ അപേക്ഷിച്ച് വജ്രത്തിന്റെ അപവർത്തനാങ്കം 1.8 ആയാൽ വജ്രത്തെ അപേക്ഷിച്ച് ജലത്തിന്റെ അപവർത്തനാങ്കം എത്രയായിരിക്കും?

$n_{21} = V_1 / V_2$

$\mathbf{n_{12} = V_2 / V_1}$

$\mathbf{n_{21} \times n_{12} = V_1 / V_2 \times V_2 / V_1 = 1}$

$\mathbf{n_{21} = 1/ n_{12}}$

**ജലത്തെ അപേക്ഷിച്ച് വജ്രത്തിന്റെ അപവർത്തനാങ്കം ($n_{diamond}$) = 1.8**

**വജ്രത്തെ അപേക്ഷിച്ച് ജലത്തിന്റെ അപവർത്തനാങ്കം ($n_{water}$) = 1/ $n_{diamond}$**

**= 1/ 1.8 = 0.55**

**or**

**വജ്രത്തെ അപേക്ഷിച്ച് ജലത്തിന്റെ അപവർത്തനാങ്കം**

**= ജലത്തിന്റെ അപവർത്തനാങ്കം / വജ്രത്തിന്റെ അപവർത്തനാങ്കം**

**= 1.33 / 2.42 = 0.55**

2) ചില മാധ്യമങ്ങളുടെ അപവർത്തനാങ്കം തന്നിരിക്കുന്നു.

| മാധ്യമം | അപവർത്തനാങ്കം |
|---|---|
| ജലം | **1.33** |
| സൺഫ്ളവർ ഓയിൽ | **1.47** |
| പൈറക്സ് ഗ്ലാസ് | **1.47** |
| ഗ്ലിസറിൻ | **1.47** |

ഗ്ലിസറിൻ, ജലം, സൺഫ്ളവർ ഓയിൽ എന്നിവ ഒരു ബീക്കറിൽ ക്രമമായി എടുത്തിരിക്കുന്നു. അതിൽ സാധാരണ ഗ്ലാസ് റോഡും പൈറക്സ് ഗ്ലാസ് റോഡും താഴ്ത്തുന്നു.

a) സാധാരണ ഗ്ലാസ് റോഡും പൈറക്സ് ഗ്ലാസ് റോഡും ദൃശ്യമാകുന്നത് ഒരുപോലെയാണോ?

**അല്ല. സാധാരണ ഗ്ലാസ് റോഡ് പൂർണമായി ദൃശ്യമാകുന്നു. പൈറക്സ് ഗ്ലാസ് റോഡ് ഭാഗികമായി ദൃശ്യമാകുന്നു**

b)ഏതെല്ലാം മാധ്യമങ്ങളിലാണ് അവ ദൃശ്യമാകുന്നത്? ഉത്തരം സാധൂകരിക്കുക?

**സാധാരണ ഗ്ലാസ് റോഡ് എല്ലാ മാധ്യമങ്ങളിലും ദൃശ്യമാകുന്നു. പൈറക്സ് ഗ്ലാസ് റോഡ് ജലത്തിൽ മാത്രം ദൃശ്യമാകുന്നു. ഗ്ലിസറിന്റെയും സൺഫ്ലവർ ഓയിലിന്റെയും പൈറക്സ് ഗ്ലാസ് റോഡിന്റെയും അപവർത്തനാങ്കം തുല്യമാണ്. അതിനാൽ പൈറക്സ് ഗ്ലാസ് റോഡ് ഗ്ലിസറിനിലും സൺഫ്ളവർ ഓയിലിലും ദൃശ്യമാകില്ല.**

## Activity 1

ഒരു ജാറിൽ പകുതി ജലമെടുക്കുന്നു, ബാക്കി ഭാഗത്ത് പുക നിറയ്ക്കുന്നു.

| **പ്രവർത്തനം** | **നിരീക്ഷണം** |
|---|---|
| ലേസർ ടോർച്ചിൽ നിന്നുള്ള പ്രകാശം ജാറിലെ ജലത്തിൽ ചരിച്ച് പതിപ്പിക്കുന്നു.  | പ്രകാശം ജലത്തിൽ നിന്ന് വായുവിലേക്ക് കടക്കുമ്പോൾ അപവർത്തനം സംഭവിക്കുന്നു. പ്രകാശത്തിന്റെ ഒരു ഭാഗം അതേ മാധ്യമത്തിലേക്ക് (ജലം) പ്രതിപതിക്കുന്നു. |
| പതനകോൺ കൂട്ടി പരീക്ഷണം ആവർത്തിക്കുന്നു.   | പതനകോൺ കൂടിയപ്പോൾ അപവർത്തനകോണും കൂടി. |
| പതനകോൺ വീണ്ടും കൂട്ടിയതിനു ശേഷം പരീക്ഷണം ആവർത്തിക്കുന്നു.   | അപവർത്തനരശ്മി ജലോപരിതലത്തിലൂടെ സഞ്ചരിക്കുന്നു.(അപവർത്തനകോൺ $90^0$ ആകുന്നു)  |

| | |
|---|---|
| പതനകോൺ വീണ്ടും വർധിപ്പിച്ച് പരീക്ഷണം ചെയ്യുന്നു.   | അപവർത്തനം സംഭവിക്കുന്നില്ല. മുഴുവൻ പ്രകാശവും അതേ മാധ്യമത്തിലേക്ക് (ജലം) പ്രതിപതിക്കുന്നു.  |

**<u>ചർച്ച</u>**

- ഈ പരീക്ഷണത്തിൽ പ്രകാശം സഞ്ചരിച്ചത് ഏത് മാധ്യമത്തിൽ നിന്ന് ഏതിലേക്കാണ്? **ജലത്തിൽ നിന്ന് വായുവിലേക്ക്**
- പ്രകാശികസാന്ദ്രത കൂടിയ മാധ്യമം ഏതാണ്? **ജലം.**
- അപവർത്തനരശ്മി ജലോപരിതലത്തിൽക്കൂടി സഞ്ചരിക്കുമ്പോൾ അപവർത്തനകോൺ എത്രയാണ്? **$90^0$**
- അപവർത്തനകോൺ $90^0$ ആകുമ്പോഴുള്ള പതനകോൺ ആണ്.........? **ക്രിട്ടിക്കൽ കോൺ.**

**<u>നിഗമനം</u>**

പ്രകാശരശ്മി പ്രകാശികസാന്ദ്രത കൂടിയ മാധ്യമത്തിൽ നിന്ന് പ്രകാശികസാന്ദ്രത കുറഞ്ഞ മാധ്യമത്തിലേക്ക് കടക്കുമ്പോൾ അപവർത്തനകോൺ **$90^0$** ആവുന്ന സന്ദർഭത്തിലെ പതനകോണാണ് **ക്രിട്ടിക്കൽ കോണ്.** ജലത്തിലെ ക്രിട്ടിക്കൽ കോണളവ് **$48.6^0$** ആണ്.

- ക്രിട്ടിക്കൽ കോണിനേക്കാൾ കൂടിയ പതനകോണിൽ പ്രകാശം ജലോപരിതലത്തിൽ പതിച്ചപ്പോൾ എന്താണ് സംഭവിച്ചത്? **അപവർത്തനം സംഭവിക്കുന്നില്ല. മുഴുവൻ പ്രകാശവും ജലത്തിലേക്ക് തന്നെ പ്രതിപതിക്കുന്നു.**
- ഇതിനെ വിളിക്കുന്നതാണ്? **പൂർണാന്തരപ്രതിപതനം.**

**<u>നിഗമനം</u>**

പ്രകാശികസാന്ദ്രത കൂടിയ മാധ്യമത്തിൽനിന്ന് കുറഞ്ഞ മാധ്യമത്തിലേക്ക് ക്രിട്ടിക്കൽ കോണിനേക്കാൾ കൂടിയ പതനകോണിൽ പ്രകാശരശ്മി പ്രവേശിക്കുമ്പോൾ ആ രശ്മി അപവർത്തനത്തിനു വിധേയമാകാതെ അതേ മാധ്യമത്തിലേക്ക് പ്രതിപതിക്കുന്നതാണ് **പൂർണാന്തരപ്രതിപതനം.**

**<u>പൂർണാന്തരപ്രതിപതനം നടക്കാൻ വേണ്ട സാഹചര്യങ്ങൾ</u>**

➔ പ്രകാശരശ്മി പ്രകാശികസാന്ദ്രത കൂടിയ മാധ്യമത്തിൽ നിന്ന് കുറഞ്ഞ മാധ്യമത്തിലേക്ക് സഞ്ചരിക്കണം.

➔ പതനകോൺ ക്രിട്ടിക്കൽ കോണിനേക്കാൾ കൂടുതലായിരിക്കണം.

## Activity 2

വിവിധ മാധ്യമങ്ങളിലൂടെയുള്ള പ്രകാശപാത തന്നിരിക്കുന്നു. ചിത്രങ്ങൾ വിശകലനം ചെയ്ത് ചോദ്യങ്ങൾക്കുത്തരം കണ്ടെത്തുക?



(a)



(b)



(c)



(d)



(e)

- പൂർണാന്തരപ്രതിപതനം നടക്കുന്നതായി കാണിച്ച ചിത്രങ്ങൾ ഏതെല്ലാം? **ചിത്രം (a), യും ചിത്രം (e) യും**
- ഗ്ലാസിന്റെ ക്രിട്ടിക്കൽ കോൺ എത്രയാണ്? **$42^0$**
- ജലത്തിൽ നിന്നു $45^0$ കോണളവിൽ വായുവിലേക്കു പതിക്കുന്ന പ്രകാശത്തിന് പൂർണാന്തരപ്രതിപതനം സംഭവിക്കുമോ? എന്തുകൊണ്ട്? **ഇല്ല. ജലത്തിന്റെ ക്രിട്ടിക്കൽ കോൺ $48.6^0$ ആണ്. പതനകോൺ ക്രിട്ടിക്കൽ കോണിനെക്കാൾ കൂടിയാലാണ് പൂർണാന്തരപ്രതിപതനം സംഭവിക്കുകയൊള്ളൂ.**

## Activity 3

നിത്യജീവിതത്തിൽ പൂർണാന്തരപ്രതിപതനത്തിന്റെ പ്രായോഗിക ഉപയോഗങ്ങൾ എന്തെല്ലാമാണ്?

- ➔ ചികിത്സാരംഗത്ത് → **എൻഡോസ്കോപ്പ്**
- ➔ വാർത്താവിനിമയരംഗത്ത് → **ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ.**

**ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ.**

വ്യത്യസ്ത ആവൃത്തിയിലുള്ള അനേകായിരം സിഗ്നലുകൾ പ്രകാശതീവ്രതയ്ക്ക് നഷ്ടം സംഭവിക്കാതെ ഒരേസമയം ഒരു കേബിളിലൂടെ അയക്കാൻ കഴിയും. പ്രകാശവേഗത്തിൽ ഇത്തരം സിഗ്നലുകൾ വിദൂരസ്ഥലങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുന്നു.



**Assignment**




ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ഗ്ലാസിന്റെ ക്രിട്ടിക്കൽ കോൺ എത്ര?
2) ക്രിട്ടിക്കൽ കോണിന്റെ നിർവചനം എഴുതുക?
3) പൂർണാന്തരപ്രതിപതനം സൂചിപ്പിക്കുന്ന ചിത്രം ഏത്?
4) നിത്യജീവിതത്തിൽ പൂർണാന്തരപ്രതിപതനത്തിന്റെ പ്രായോഗിക ഉപയോഗങ്ങൾ എഴുതുക?